

ഖലീഫതുൽ മസീഹ് അൽ ഖാമിസ്

بسم الله الرحمن الرحيم ○ نحمده ونصلى علىٰ رسوله الكريم ○ وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ 2011 മെയ് 20**

**ഹദ്റത് ഖലീഫതുൽ മസീഹ് അൽഖാമിസ്** ایدہ اللہ تعالیٰ بنصرہ العزیز

**വിവർത്തനം എം. നാസിർ അഹ്മദ് കൊടിയത്തൂർ**



ബൈതുൽ ഫുതൂഹ്, ലണ്ടൻ

# പ്രാർഥനയുടെ പൊരുൾ അറിഞ്ഞ് പ്രാർഥിക്കുക

തിരുനബി ﷺ യുടെ യഥാർത്ഥ പ്രേമിയും ദാസനും കാലത്തിന്റെ ഇമാമും തിരുനബി ﷺ യുടെ പ്രവചനപ്രകാരം ആകതരുമായ വാഗ്ദത്ത മസീഹ് മഹ്ദി عليه السلام നെ അല്ലാഹു തആല അന്ധകാര നിബിഢമായ ഒരു സുദീർഘ കാലത്തിനുശേഷം അയച്ചുകൊണ്ട് നമ്മിൽ കരുണ ചൊരിയുകയുണ്ടായി. ഈ ദൈവകടാക്ഷത്തിന് നാം എത്രതന്നെ നന്ദി രേഖപ്പെടുത്തിയാലും മതിയാകുന്നതല്ല. നന്ദി രേഖപ്പെടുത്താനുള്ള ഏറ്റവും നല്ല മാർഗം അല്ലാഹു അയച്ച ഈ വരിഷ്ഠദാസന്റെ വചനങ്ങളും ഉപദേശനിർദ്ദേശങ്ങളും രചനകളും വായിച്ച് അതിനെക്കുറിച്ച് ചിന്തിക്കുകയും അവയെല്ലാം നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്യുക എന്നതാണ്. كُونُوا مَعَ الصّٰدِقِيْنَ എന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു. നിങ്ങൾ സാത്വികരോടൊപ്പം നിൽക്കുക. സാത്വികരുടെ സഹവാസത്തൽ നിന്നും ഫലമെടുക്കുക. ഇതിന്റെ മനോഹരകാഴ്ച നമുക്ക് കാണാൻ സാധിക്കുന്നത് സഹാബാ **(റളിയ്വാനുല്ലാഹി അലൈഹിം)** തിരുനബി ﷺ യിൽ നിന്നും നേരിട്ട് അനുഗ്രഹം കരസ്ഥമാക്കിയപ്പോഴാണ്. നബിയുടെ സദസ്സുകളിൽ നിന്നും സാമീപ്യത്തിൽ നിന്നും അവർ സായൂജ്യമടഞ്ഞിരുന്നു. തിരുനബി ﷺ യുടെ വാക്കുകൾ അവർ നമുക്ക് എത്തിച്ചുതന്നു. ആ പാവന സദസ്സിലെ കാര്യങ്ങൾ അവർ നമ്മെ കേൾപ്പിച്ചു. തിരുനബിയുടെ ഉപദേശങ്ങൾ നമുക്ക് ലഭ്യമാക്കി.

അതിനുശേഷം ഇക്കാലത്ത് തിരുദൂതരുടെ സത്യസന്ധപ്രേമി അവതിരിക്കുകയുണ്ടായി. വാഗ്ദത്ത മസീഹ് عليه السلام ഇസ്‌ലാമിന്റെ അതിമനോഹരമായ അധ്യാപനങ്ങളും വിശുദ്ധ ഖുർആന്റെ വ്യാഖ്യാനങ്ങളും ഉൾക്കൊള്ളുന്ന വിവിധങ്ങളായ ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. ഇസ്‌ലാമിന്റെ മഹത്വവും മേന്മയും ലോകസംമക്ഷം സമർപ്പിച്ചു. എന്നാൽ ആ മഹാത്മാവിന്റെ ചെറുതും വലുതുമായ പല സദസ്സുകളും സഹാബാക്കളോടൊപ്പം സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്, ജൽസ പ്രസംഗങ്ങൾ ഉണ്ട്. അതൊന്നും ഈ ഗ്രന്ഥങ്ങളിൽ ഉൾകൊള്ളിച്ചിട്ടില്ല. ഇക്കാലത്തെ സത്യസന്ധനായ വ്യക്തിത്വത്താൽ അനുഗ്രഹീതമായിരുന്ന ഈ സദസ്സുകളിൽ നിന്ന് ആ മഹാത്മാവിന്റെ സഹാബാക്കൾ അനുഗ്രഹം കരസ്ഥമാക്കുമായിരുന്നു. അതിൽ പറയപ്പെട്ട കാര്യങ്ങൾ അക്കാലത്തെ ജമാഅത്തിന്റെ പത്രങ്ങൾ വന്നിട്ടുണ്ട്. കാലഘട്ടത്തിന്റെ ഇമാമിന്റെ സദസ്സുകളിൽ നിന്നും അനുഗ്രഹം കരസ്ഥമാക്കാൻ സൗഭാഗ്യം ലഭിച്ചവർ എത്ര ഭാഗ്യവാന്മാർ. സാത്വികരോടൊപ്പം സഹവസിക്കുക എന്ന വിശുദ്ധ ഖുർആന്റെ കൽപന നടപ്പിൽ വരുത്താൻ അവർക്ക് സാധിച്ചു. ആ സദസ്സുകളിൽ ഇരിക്കുകയും വിവിധതരം ചോദ്യങ്ങൾ ചോദിക്കുകയും അതോടൊപ്പം അവിടെ കേട്ട കാര്യങ്ങളെല്ലാം ശേഖരിക്കുകയും ചെയ്തവരെ നാം നന്ദിയോടെ സ്മരിക്കുന്നു. അവരുടെ ഈ പ്രവർത്തി കാരണം നൂറ് വർഷം പിന്നിട്ട ഇക്കാലത്തും നമുക്ക് ആ കാര്യങ്ങൾ വായിക്കാനും കേൾക്കാനും സാധിക്കുന്നു. അത് കേൾക്കുകയും വായിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ഭാവനയിൽ തിരുനബി ﷺ യുടെ യഥാർത്ഥ പ്രേമിയുടെ സദസ്സിൽ ഇരിക്കുന്ന പ്രതീതി ഉണ്ടാകുന്നു.

ഇങ്ങിനെയുള്ള സദസ്സുകളിൽ നിന്നും നമസ്ക്കാരം, പ്രാർത്ഥന, അല്ലാഹുവുമായുള്ള ബന്ധം എന്നീ വിഷയങ്ങളെക്കുറിച്ച് ആ മഹാത്മാവ് നൽകിയ ഉപദേശങ്ങളിൽ നിന്നും ചിലത് കേൾപ്പിക്കുന്നതാണ്.

1907 ലെ ജൽസയിൽ നടത്തിയ ഒരു സുദീർഘ പ്രഭാഷണത്തിൽ പ്രാർത്ഥനയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറയുന്നു. “ഓർക്കുക. അല്ലാഹു വിശുദ്ധ ഖുർആൻ ആരംഭിക്കുന്നത് തന്നെ പ്രാർത്ഥനയിലൂടെയാണ്. അതേപോലെ അത് അവസാനിക്കുന്നതും പ്രാർത്ഥനയിൽ തന്നെ. മനുഷ്യൻ ബലഹീനനാണ്; ദൈവത്തിന്റെ അനുഗ്രഹമില്ലാതെ അവന് വിശുദ്ധി കൈവരിക്കാൻ കഴിയില്ല, അല്ലാഹുവിൽ നിന്ന് സഹായം ലഭിക്കാത്തതുവരെ നന്മയിൽ അവന് മുന്നേറാൻ സാധ്യമേ അല്ല എന്നതാണ് ഇതിന്റെ അർത്ഥം. ഒരു ഹദീസിൽ വരുന്നു. അല്ലാഹു ജീവൻ നൽകിയവരൊഴിച്ച് എല്ലാവരും മൃതരാണ്. അല്ലാഹു നേർമാർഗത്തിലാക്കിയവനൊഴികെ എല്ലാവരും വഴികേടിലാണ്. അല്ലാഹു കാഴ്ച നൽകിയവനൊഴിച്ച് എല്ലാവരും അന്ധരാണ്. ചുരുക്കത്തിൽ അല്ലാഹുവിന്റെ യഥാർഥ അനുഗ്രഹം ലഭിക്കാത്തിടത്തോളം ലൗകികതയോടുള്ള സ്നേഹത്തിന്റെ ബാന്ധവം കഴുത്തിലെ ഹാരമായി നിൽക്കുന്നതാണ്. അല്ലാഹു തന്റെ പ്രത്യേക കൃപ നൽകിയവർക്ക് മാത്രമേ അതിൽനിന്നും മോചനം ലഭിക്കുകയുള്ളൂ. ഓർക്കുക; അല്ലാഹുവിന്റെ അനുഗ്രഹവും ദുആ മുഖേനയാണ് ലഭിക്കുക. (ആ അനുഗ്രഹത്തിനായും പ്രാർത്ഥിക്കുക)”

നമസ്ക്കാരത്തിൽ വരുന്ന വസ്‌വസകളെ ദൂരീകരിക്കുന്നതെങ്ങനെയെന്ന് വിവരിക്കുന്നു.

“എന്താണ് പ്രാർത്ഥന? اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ എന്ന് നാവുകൊണ്ട് ഉരുവിടുകയും എന്നാൽ മനസ്സിൽ കച്ചവടം ചെയ്യേണ്ടത് ഇങ്ങനെയാണെന്നും, ഈ വസ്തുത വിട്ടുകളഞ്ഞല്ലോ എന്നും, ഇത് ഇപ്രകാരമായിരുന്നു ചെയ്യേണ്ടിയിരുന്നതെന്നും, ഇങ്ങിനെ ചെയ്തിരുന്നുവെങ്കിൽ ഇങ്ങിനെയാകുമായിരുന്നു എന്നെല്ലാം കണക്കു കൂട്ടുകയാണെങ്കിൽ ഇത് നമ്മുടെ സമയം പാഴാക്കാൻ മാത്രമാണെന്ന് മനസ്സിലാക്കുക. അല്ലാഹുവിന്റെ ഗ്രന്ഥത്തിന് മുൻഗണന നൽകാത്തിടത്തോളം അതനുസരിച്ച് പ്രവർത്തിക്കാത്തിടത്തോളം കാലം

മനുഷ്യന്റെ നമസ്ക്കാരം വെറും പാഴ്‌വേലയായിരിക്കുന്നതാണ്.'' ഒരു സംഭവം വിവരിക്കുന്നു.''ഭക്തനായ ഒരാളുണ്ടായിരുന്നു. അദ്ദേഹം ഒരു മസ്ജിദിൽ പോയി. അവിടത്തെ ഇമാമുസ്വലാത്ത് നമസ്ക്കരിപ്പിക്കാൻ തുടങ്ങി. നമസ്ക്കാരത്തിൽ അദ്ദേഹം തന്റെ ബിസിനസ്സിനെക്കുറിച്ച് ചിന്തിച്ചു തുടങ്ങി. ഈ സാധനം അമൃത്സറിൽ നിന്ന് വാങ്ങി ഡൽഹിയിൽ വിറ്റാൽ ഇത്രലാഭം കിട്ടും. പിന്നീട് കൽക്കത്തയിൽ പോയാൽ ഇത്ര ലാഭം കിട്ടും. അവിടെ നിന്ന് മറ്റു സ്ഥലത്തേക്ക് പോകാം. ഇങ്ങനെ അദ്ദേഹത്തിന്റെ ചിന്ത നീണ്ടു പോയി. പിന്നിൽ നിന്നും നമസ്ക്കരിച്ചുകൊണ്ടിരുന്ന ആ ഭക്തൻ നമസ്ക്കാരം നിർത്തി ഒറ്റക്ക് നമസ്ക്കരിച്ചു. അദ്ദേഹത്തിന് കശ്ഫിൽ ഇമാമിന്റെ ചിന്തയെ അല്ലാഹു വെളിപ്പെടുത്തിക്കൊടുത്തിരുന്നു. നമസ്ക്കാരം കഴിഞ്ഞപ്പോൾ പിന്നിലുള്ളവർ ഇമാമിനോട് പരാതി പറഞ്ഞു. ഇദ്ദേഹം താങ്കളുടെ പിന്നിൽ നിന്ന് നമസ്ക്കാരം നിർത്ത് മാറിക്കളഞ്ഞു. ആ ഇമാം ദേഷ്യപ്പെട്ടുകൊണ്ട് ചോദിച്ചു. ''എന്ത്കൊണ്ടാണ് താങ്കൾ നമസ്ക്കാരം നിർത്തിക്കളഞ്ഞത്? ഇത് പാപമല്ലെ?'' ആ ഭക്തൻ പറഞ്ഞു.''മൗലവി സാഹിബ് ഞാൻ ബലഹീനനും വളരെ പ്രായം ചെന്ന ആളുമാണ്. താങ്കൾ അമൃത്സറിൽ നിന്നും തുടങ്ങിയ യാത്ര കൽക്കത്തയിലെത്തി. താങ്കൾക്ക് ബുഖാറ വരെ പോകേണ്ടതുണ്ടായിരുന്നു. ഇത്രവേഗത്തിൽ എനിക്ക് താങ്കളോടൊപ്പം യാത്ര ചെയ്യാൻ കഴിയില്ല.'' നമസ്ക്കരിക്കുന്നവരുടെ അവസ്ഥയും ചിലപ്പോളിങ്ങിനെ ആകാറുണ്ട്.

1906 ലെ ഒരു പ്രഭാഷണത്തിൽ പറയുന്നു.''നമസ്ക്കാരം എന്താണ്? അത് ഒരു പ്രാർത്ഥനയാണ്. ഇതിൽ പൂർണ്ണമായ വേദനയും ഹൃദയമുരുകലും ഉണ്ടാകണം. അതുകൊണ്ടാണ് ഇതിനെ സ്വലാത്ത് എന്ന് പറയുന്നത്. ഇതിൽ ഉള്ളുരുക്കത്തോടും അതിയായ വേദനയോടും കൂടി സർവ്വവിധ ദുരുദ്ദേശങ്ങളും ദുർവികാരങ്ങളും എന്നിൽ നിന്നും അല്ലാഹുവേ നീ അകറ്റേണമേ എന്ന തേട്ടമാണ്. തന്റെ കാരുണ്യകടാക്ഷത്താൽ അതിനുപകരം സദ്‌വികാരങ്ങൾ അല്ലാഹു ഉണ്ടാക്കുകയും ചെയ്യട്ടെ.'' ''സ്വലാത്ത് എന്ന വാക്ക് നമ്മോട് പറയുന്നത് വെറും വാക്കുകൾ മാത്രം മതിയാകുകയില്ല, അതോടൊപ്പം ഉള്ളുരുക്കവും ആർദ്രതയും വേദനയും കൂടി ഉണ്ടായിരിക്കേണമെന്നാണ്. ദുആ ചെയ്യുന്ന വ്യക്തി മരിക്കുന്നതുവരെയുള്ള അവസ്ഥയിലേക്കെത്തിയാൽ മാത്രമേ അല്ലാഹു ദുആ സ്വീകരിക്കുകയുള്ളൂ. ദുആ ചെയ്യുക എന്നത് വളരെ ശ്രമകരമായ ഒരു പ്രവർത്തിയാണ്. എന്നാൽ ഇതിന്റെ പൊരുൾ ജനങ്ങൾ മനസ്സിലാക്കിയിട്ടില്ല.''

''ഇന്ന കാര്യത്തിന്നായി ഇത്ര സമയം ഞാൻ ദുആ ചെയ്തിട്ടും ഒരു ഫലവും കണ്ടില്ല എന്ന് പറഞ്ഞ് ചിലർ എനിക്ക് കത്തെഴുതുന്നു. ഇങ്ങിനെ അവർ അല്ലാഹുവിനെക്കുറിച്ച് ദുർഭാവന വെച്ചുപുലർത്തുന്നു. നിരാശരായി നാശത്തിലേക്ക് പോകുന്നു. ദുആയുടെ നിബന്ധനകളെല്ലാം ഒരുമിച്ച്കൂടുന്നില്ലെങ്കിൽ ആ ദുആകൊണ്ട് ഒരു ഗുണവുമില്ലെന്ന യാഥാർത്ഥ്യം അവരറിയാതെപോയി. ദുആയുടെ നിബന്ധനകളിൽ ഒന്ന് ഹൃദയം ഉരുകുക എന്നതാണ്. ആത്മാവ് വെള്ളംപോലെ സർവ്വേശ്വരന്റെ സവിധത്തിൽ സമർപ്പിക്കപ്പെടണം. ഒരു വിഷമവും വേദനയും ഹൃദയത്തിൽ ഉണ്ടാകുകയും വേണം. അതോടൊപ്പംതന്നെ അക്ഷമനോ ധൃതിപിടിക്കുന്നവനോ ആകരുത്. ക്ഷമയോടും സ്ഥിരതയോടും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അപ്പോൾ മാത്രമേ ദുആ സ്വീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കാൻ കഴിയുകയുള്ളൂ.'' ''നമസ്ക്കാരം ഏറ്റവും ഉന്നതമായ പ്രാർത്ഥനയാണ്. എന്നാൽ ജനങ്ങൾ അതിനെ വിലമതിക്കുന്നില്ലെന്നുമാത്രം. ബാഹ്യമായ ചടങ്ങെന്ന രീതിയിൽ നിൽക്കുകയും റുകൂഉം, സുജൂദും എല്ലാം ചെയ്താൽ മതിയെന്നാണ് അവർ അതിനെക്കുറിച്ച് മനസ്സിലാക്കിയത്. അതോടൊപ്പം തത്ത പറയുന്നതുപോലെ മനസ്സിലായാലും ഇല്ലെങ്കിലും കുറച്ച് വചനങ്ങൾ ആവർത്തിക്കുകയും ചെയ്താൽ എല്ലാമായെന്ന് അവർ കരുതുന്നു.''

''ഒരുകാര്യം ഓർത്തിരിക്കുക. നമുക്കും ആത്മീയതയെ അന്വേഷിക്കുന്നവർക്കും നമസ്ക്കാരം ഉണ്ടായിരിക്കെ മറ്റു പുതിയ മാർഗങ്ങളെ അന്വേഷിക്കേണ്ട കാര്യമില്ല. ഏതെങ്കിലും വിധത്തിലുള്ള പ്രയാസമോ പരീക്ഷണമോ നബി ﷺ ന് ഉണ്ടാകുമ്പോൾ ഉടനെ നമസ്ക്കാരത്തിനായി നിൽക്കുമായിരുന്നു. നമ്മുടെയും കഴിഞ്ഞുകടന്ന സാത്വികരുടെയും അനുഭവം, അല്ലാഹുവിലേക്ക് കൊണ്ടുപോകാൻ നമസ്ക്കാരത്തേക്കാളും ഉത്തമമായ മറ്റൊരു മാർഗ്ഗവുമില്ലെന്നതാണ്.''

നമസ്ക്കാരത്തിലെ നിർത്തം മര്യാദയാണ് പഠിപ്പിക്കുന്നത്. ഒരു ദാസൻ തന്റെ യജമാനന്റെ മുമ്പിൽ നിൽക്കുമ്പോൾ അവൻ കൈകെട്ടി ഭവ്യതയോടെ നിൽക്കുന്നു. റുകൂഅ് എന്നതും അദബിന്റെ, (മര്യാദയുടെ) നിൽക്കുന്നതിനെക്കാളും ഉന്നതമായ ഒരവസ്ഥയാണ്. സുജൂദ് എന്നത് ഭവ്യതയുടെയും മര്യാദയുടെയും ഏറ്റവും ഔന്നത്യത്തിലുള്ള സ്ഥാനമാണ്. മനുഷ്യൻ തന്നെ **ഫനാ**യുടെ അവസ്ഥയിൽ ഇടുമ്പോഴാണ് സാഷ്ടാംഗം പ്രണമിക്കുന്നത്. നമസ്ക്കാരത്തിൽ മാറ്റങ്ങൾ വരുത്തണമെന്ന് വാദിക്കുന്ന അൽപജ്ഞാനികളിലും ഭൗതികവാദികളിലും അഹോ കഷ്ടം. അവർ റുകൂഇനെക്കുറിച്ചും സുജൂദിനെക്കുറിച്ചും ആക്ഷേപം ഉന്നയിക്കുന്നു. ഇവയെല്ലാം തന്നെ ശ്രേഷ്ഠമായ ഗുണങ്ങളാണ്. നമസ്ക്കാരം അതിന്റെ പൂർണ്ണതയിലെത്തിയാലുണ്ടാകുന്ന അവസ്ഥ കൈവരിക്കാത്തിടത്തോളം മനുഷ്യന് ഒന്നും കരസ്ഥമാക്കാൻ കഴിയില്ല. അല്ലാഹുവിൽ ദൃഢവിശ്വാസമില്ലാത്ത വ്യക്തിക്ക് നമസ്ക്കാരത്തിൽ ഒരിക്കലും ആനന്ദം ലഭിക്കുന്നതല്ല.''

പറയുന്നു. ''അല്ലാഹുവിനോട് ഉള്ളുരുകിയും ഒരാവേശത്തോടും കൂടി ഇപ്രകാരം പ്രാർത്ഥിക്കണമെന്ന് ഞാൻ പറയുന്നു. നാഥാ! മറ്റു പഴവർഗങ്ങളിലും വസ്തുക്കളിലും വ്യത്യസ്ഥങ്ങളായ രൂചി ഉള്ളതുപോലെ നമസ്ക്കാരത്തിന്റെയും ആരാധനയുടെയും രുചിയും ഒരു പ്രാവശ്യമെങ്കിലും നുകരുവാനുള്ള തൗഫീഖ് നൽകേണമേ! രുചിച്ചത് ഓർമ്മയുണ്ടാകും. ഒരാൾ ഒരു സൗന്ദര്യവസ്തുവിനെ പ്രത്യേക ആനന്ദത്തോടെ കാണുകയാണെങ്കിൽ അതവന് ഓർമ്മയുണ്ടാകും. അതേപോലെ ഒരു വിരൂപിയും വികൃതവുമായ വസ്തുവിനെ കാണുകയാണെങ്കിൽ അതിന്റെ രൂപവും അവന്റെ മുമ്പിൽ തെളിഞ്ഞ് വരുന്നതാണ്. എന്നാൽ ഒരു ബന്ധവുമില്ലെങ്കിൽ ഒന്നും ഓർമ്മയുണ്ടാവില്ല. ഇതേപോലെ നമസ്ക്കാരക്കാരല്ലാത്തവരുടെ പക്കൽ നമസ്ക്കാരം ഒരു പിഴ മാത്രമാണ്. അവർ കരുതുന്നത് കാലത്തെഴുന്നേറ്റ് കൊടും തണുപ്പിൽ വുളു ചെയ്ത് സുഖ നിദ്രയെല്ലാം ഉപേക്ഷിച്ച് പല സുഖങ്ങളും ത്യജിച്ച് ചെയ്യേണ്ടി വരുന്ന ഒരു പാഴ്‌വേലയാണ് നമസ്ക്കാരമെന്നാണ്. സത്യം പറഞ്ഞാൽ അവർ അശ്രദ്ധരാണ്. ഇതിന്റെ ആനന്ദം എന്താണെന്ന് അവർക്ക് മനസ്സിലാക്കാൻ കഴിയില്ല. നമസ്ക്കാരത്തിൽ വെച്ചിരിക്കുന്ന ആനന്ദത്തെക്കുറിച്ചും കുളിർമ

യെക്കുറിച്ചും അവർക്കറിയില്ല. ഇങ്ങനെയുള്ളവർക്ക് നമസ്ക്കാരത്തിൽ എങ്ങനെ അനുഭൂതി ലഭിക്കാനാണ്.

1906 ലെ ഒരു സദസ്സിൽ പറയുകയുണ്ടായി. "പ്രാർത്ഥനയെക്കുറിച്ച് ഹദ്റത്ത് ഈസാ عليه السلام നല്ല ഒരു ഉപമ വിവരിച്ചിട്ടുണ്ട്. ഒരു ഖാസി ഉണ്ടായിരുന്നു. അദ്ദേഹം ആർക്കും നീതി നൽകാറില്ല. രാപ്പകൽ തന്റെ സുഖാഢംബരങ്ങളിൽ കഴിഞ്ഞുകൂടും. പരാതിക്കാരിയായ ഒരു സ്ത്രീ ഉണ്ടായിരുന്നു. അവർ എപ്പോഴും ഈ ഖാസിയുടെ വാതിലിൽ വന്ന് മുട്ടി നീതി നൽകണമെന്ന് ആവശ്യപ്പെടും. ആ സ്ത്രീ സ്ഥിരമായി ഇത് ചെയ്തുകൊണ്ടിരുന്നു. അവസാനം അവളിൽ നിന്നും രക്ഷപ്പെടാൻ കഴിയാതെ ബുദ്ധിമുട്ടിയ ഖാസി കേസ്സിന് തീരുമാനമെടുക്കുകയും അവർക്ക് നീതി നൽകുകയും ചെയ്തു. നിങ്ങളുടെ ദൈവം ഖാസിയെപ്പോലെയും നിങ്ങളുടെ വിലാപം കേൾക്കുന്നില്ലെന്നാണോ പറയുന്നുത്.? നിങ്ങളുടെ ആവശ്യങ്ങൾ അവൻ നിങ്ങൾ സാധിച്ചു തരില്ലന്നോ? സ്ഥിരചിത്തതയോടുകൂടി പ്രാർത്ഥന ചെയ്തുകൊണ്ടേ ഇരിക്കുക. സ്വീകാര്യതയുടെ ഒരു സമയം വരുന്നതാണ്. അതിന് സ്ഥിരത അനിവാര്യമാണ്."

മറ്റൊരു മജ്ലിസിൽ പറഞ്ഞു. "നോക്കു; ഒരു ആചാരം, ചടങ്ങ് എന്ന നിലയിലല്ല നമസ്ക്കരിക്കേണ്ടത്. അങ്ങനെയുള്ള നമസ്ക്കാരക്കാരെക്കുറിച്ച് അവർക്ക് ശാപവും നാശവും ഉണ്ടാകുമെന്ന് അല്ലാഹു തന്നെ പറഞ്ഞിരിക്കുന്നു. അതിന് ഒരിക്കലും സ്വാകാര്യത ലഭിക്കുന്നതല്ല. فَوَيْلٌ لِّلْمُصَلِّيْنَ എന്നത് അല്ലാഹു സ്വയം പറഞ്ഞതാണ്. നമസ്ക്കാരത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചും അതിന്റെ ഉള്ളടക്കത്തെക്കുറിച്ചും അറിയാത്ത നമസ്ക്കാരക്കാരെക്കുറിച്ചാണ് ഇത് പറഞ്ഞിരിക്കുന്നത്. സഹാബാക്കൾക്ക് അറബി ഭാഷ അറിയാമായിരുന്നു. നമസ്ക്കാരത്തിന്റെ പൊരുൾ അവർ മനസ്സിലാക്കിയിരുന്നു. എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം നമസ്ക്കാരത്തിന്റെ അർത്ഥം അറിയുകയും ഇതുമുഖേന നമ്മുടെ നമസ്ക്കാരം ആസ്വാദ്യകരമാക്കുകയും ചെയ്യേണ്ടതാണ്. ഇവർ മനസ്സിലാക്കുന്നത് മറ്റൊരു നബി ഇവിടെ വന്നിരിക്കുന്നു എന്നാണ്. അങ്ങനെ നമസ്ക്കാരത്തെയെല്ലാം ഇവിടെ ദുർബലപ്പെടുത്തിയിരിക്കുന്നു എന്നാണ്." പറയുന്നു. "ഈ നമസ്ക്കാരംകൊണ്ട് അല്ലാഹുവിന് ഒരു നേട്ടവുമില്ല. മനുഷ്യന് തന്നെയാണ് നേട്ടമുള്ളത്. ഇതുമുഖേന ദൈവ ദർബാറിൽ ഹാജറാകാനുള്ള അവസരം അവർക്ക് നൽകപ്പെടുന്നു. ദൈവസമക്ഷം പരാതികൾ ബോധിപ്പിക്കാനുള്ള അവസരം നൽകി മനുഷ്യനെ ആദരിച്ചിരിക്കുകയാണ്. ഇതുമുഖേന എത്രയോ പ്രയാസങ്ങളിൽ നിന്ന് മോചനം ലഭിക്കുന്നതാണ്. എന്നാൽ ഞാൻ ചിലരെയോർത്ത് എപ്പോഴും അത്ഭുതപ്പെടാറുണ്ട്. അവരുടെ രാവും പകലും ഇങ്ങനെ കടന്നുപോയിട്ടും അവർക്ക് ഒരു ദൈവമുണ്ടെന്ന ചിന്തപോലും ഉണ്ടാകുന്നില്ല. അങ്ങനെയുള്ള മനുഷ്യൻ അന്നും എന്നും നാശമടഞ്ഞവർതന്നെ."

പറയുന്നു. "ഞാനൊരു സുപ്രധാന ഉപദേശം നൽകാൻ ആഗ്രഹിക്കുന്നു. ജനഹൃദയത്തിൽ ഇത് പ്രവേശിച്ചിരുന്നെങ്കിൽ. പ്രായം കഴിഞ്ഞുകൊണ്ടിരിക്കുകയാണ്. അശ്രദ്ധയെ അകറ്റുക. വിനയം കരസ്ഥമാക്കുക. വിശ്വാസത്തെ സുസ്ഥിരമാക്കിനിർത്തേണമേ എന്ന് ഒറ്റക്ക് അല്ലാഹുവിനെ തേടുക. അല്ലാഹു തൃപ്തനും പ്രീതനുമായി ത്തീരട്ടെ എന്നും പ്രാർത്ഥിക്കുക."

1907 ൽ മാർച്ചിൽ ഒരു സദസ്സിൽ ഇരിക്കുകയായിരുന്നു. രണ്ട്പേർ പരസ്പരം പിണങ്ങിയിരിക്കുന്നു എന്നതിനെക്കുറിച്ച് അവിടെ പരാമർശമുണ്ടായി. ഇതുകേട്ട് പല ഉപദേശങ്ങളും ആ സദസ്സിൽ വെച്ച് അദ്ദേഹം നൽകി. എന്നിട്ട് പറഞ്ഞു."മനസ്സ് ശുദ്ധമാകാത്തിടത്തോളംകാലം ദുആ സ്വീകരിക്കപ്പെടുന്നതല്ല. ഭൗതിക കാര്യങ്ങളിൽ ഏതെങ്കിലും വ്യക്തിയെക്കുറിച്ച് നിന്റെ മനസ്സിൽ വിദ്വേഷമുണ്ടെങ്കിൽ നിന്റെ ദുആ സ്വീകരിക്കപ്പെടുന്നതല്ല."

"പരസ്പരമുള്ള അഹം കാരണമായും പൊള്ളയായ അഭിമാനം കാരണമായുമുണ്ടാകുന്ന ഇവ്വിധ പിണക്കങ്ങൾ ഉപേക്ഷിക്കുക. ഹൃദയത്തിൽനിന്ന് വിദ്വേഷവും പകയും എടുത്ത് വലിച്ചെറിയുക. ഇത് ഹൃദയത്തിലുണ്ടെങ്കിൽ ദുആ സ്വീകരിക്കപ്പെടുന്നതല്ല. ഒരു കാര്യം നല്ലതുപോലെ ഓർമ്മവെക്കുക. ഭൗതികമായ കാര്യത്തിന്റെ പേരിൽ ആരോടും ഒരിക്കലും മനസ്സിൽ വിദ്വേഷവും പകയും വെക്കരുത്. ഈ ഭൗതിക ലോകത്തിന്റെയും അതിലെ വസ്തുക്കളുടേയും യാഥാർത്ഥ്യമെന്ത്? ഇതുകാരണം എന്തിന് ശത്രുത വളർത്തുന്നു."

വാഗ്ദത്ത മസീഹ് عليه السلام പകൽ നടക്കാൻ പോകുമായിരുന്നു. ചില സഹോദരങ്ങളും അദ്ദേഹത്തോടൊപ്പമുണ്ടാകും. ഏതെങ്കിലും വിഷയത്തെക്കുറിച്ച് സംസാരിക്കുമായിരുന്നു. 1908 ലെ ഒരു സംഭവമാണ്. (ദീർഘമായ സംസാരത്തിൽ നിന്നും ചില ഭാഗങ്ങൾ ഞാൻ എടുത്തതാണ്.) "ചിലർ ഒരു ചെവികൊണ്ട് കാര്യങ്ങൾ കേട്ട് മറ്റെ ചെവിയിലൂടെ അത് പുറത്തേക്ക് വിടുന്നു. ഹൃദയത്തിൽ ഈ കാര്യങ്ങൾക്ക് ഒരു സ്ഥാനവും നൽകില്ല. അവരെ എത്ര ഉപദേശിച്ചാലും അവർക്ക് ഒരു കുലുക്കവും ഉണ്ടാകില്ല. ഒരു കാര്യം ഓർക്കുന്നത് നന്ന്. അല്ലാഹു സ്വയാശ്രയനാണ്. അവൻ ആരെയും വകവെക്കാറില്ല. സ്ഥിരമായി ഇടതടവില്ലാതെ കൂടുതലായി ദുആ ചെയ്യാത്തിടത്തോളം അവൻ ഗൗനിക്കുകയില്ല. ആരുടെയെങ്കിലും ഭാര്യയൊ കുട്ടിയൊ രോഗിയായാൽ അതല്ലെങ്കിൽ എന്തെങ്കിലും അപകടകരമായ കേസ്സിൽ കുടുങ്ങിയാൽ അവർക്ക് എന്തുമാത്രം അസ്വസ്ഥതയുണ്ടാകും. ഇതേപോലെ ദുആ ചെയ്യുമ്പോൾ ശരിക്കുമുള്ള ആവേശവും അസ്വസ്ഥതയും പ്രകടമാകുന്നില്ലെങ്കിൽ അത് ഒരു വിധത്തിലുമുള്ള സ്വാധീനവും ചെലുത്തുന്നതല്ല. വ്യർത്ഥമായ ഒരു പ്രവർത്തി മാത്രമായിരിക്കുമത്. ദുആ സ്വീകാര്യതക്ക് അസ്വസ്ഥമാകുന്ന അവസ്ഥ ഉണ്ടാകേണ്ടത് അനിവാര്യമാണ്. അല്ലാഹു പറയുന്നു.

اَمَّنْ يُّجِيْبُ الْمُضْطَرَّ اِذَا دَعَاهُ وَيَكْشِفُ السُّوْٓءَ

ദുആ ചെയ്യുമ്പോൾ ദുആ ചെയ്യുന്നവന്റെ അർഥനകൾ കേൾക്കുകയും അവന്റെ പ്രയാസങ്ങൾ ദൂരീകരിക്കുകയും ചെയ്യുന്നവനാരാണ്? ഗതിമുട്ടിയവൻ പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥന കേൾക്കുന്നതാണ്.ഈ പ്രാർത്ഥനകൾക്കുത്തരം നൽകുന്നതല്ലാഹുവാണ്."

അനഹ്മദികളുള്ള ഒരു സദസ്സിൽ ലാഹോറിൽ വെച്ച് ഒരു സുദീർഘ പ്രഭാഷണം ആ മഹാത്മാവ് നടത്തി. ദുആയെക്കുറിച്ച് അതിൽ ഇപ്രകാരം പറഞ്ഞു. "ഇസ്ലാം എന്നതിന്റെ യഥാർത്ഥ ഉദ്ദേശ്യം മനുഷ്യൻ അല്ലാഹുവിന്റെ ഇംഗിതത്തിനനുസരിച്ച് തന്റെ ഇംഗിതം മാറ്റുക എന്നതാണ്. എന്നാൽ ഈ കഴിവ് മനുഷ്യന് സ്വയം നേടിയെടുക്കാൻ സാധ്യമല്ല. **മുജാഹദ** (കഠിന പ്രയത്നം) ചെയ്യേണ്ടത് മനുഷ്യന്റെ പ്രവർത്തിയാണെന്നതിൽ സംശയമില്ല. എന്നാൽ ഈ സ്ഥാനം കരസ്ഥമാക്കാനുള്ള യഥാർത്ഥ ശക്തിയും സഹായവും കരസ്ഥമാക്കുന്നില്ലെങ്കിൽ ഈ സാഹസികമായ മാർഗം തരണം ചെയ്യാൻ

അവന്നാകില്ല. മനുഷ്യന്റെ ബലഹീനതയെക്കുറിച്ചും കഴിവ്കേടിനെക്കുറിച്ചും അല്ലാഹു സ്വയം പറയുന്നു. وَخُلِقَ الْإِنسَانُ ضَعِيفًا മനുഷ്യൻ ബലഹീനനായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഇത്രയും ബലഹീനനായിരുന്നിട്ടുകൂടി സ്വന്തം പരിശ്രമംകൊണ്ട് ഇത്രയും വലിയ ഔന്നത്യം നേടാൻ കഴിയും എന്ന വാദം വെറും മൂഢ സങ്കൽപം മാത്രമാണ്. ഇതിനായി ദുആ കൂടുതലായി ചെയ്യേണ്ടിയിരിക്കുന്നു.''

''പ്രയാസകരമായ പല പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുന്ന അത്ഭുതകരമായ ഒരു ശക്തിയാണ് ദുആ. ഇതുമുഖേന ശ്രമകരമായ വഴികളെ വളരെ എളുപ്പം മനുഷ്യന് താണ്ടാൻ കഴിയുന്നതാണ്. അല്ലാഹുവിൽ നിന്നും വരുന്ന അനുഗ്രഹത്തെ കരസ്ഥമാകുന്ന അരുവിയാണ് ദുആ. ആരാണോ ദുആയിൽ കൂടുതൽ മുഴുകുന്നത് അവർ അവസാനം ഈ അനുഗ്രഹം കരസ്ഥമാക്കുക തന്നെ ചെയ്യും. അവർ അല്ലാഹുവിൽ നിന്നും സഹായം ലഭിക്കുന്നവരായി മാറി തങ്ങളുടെ ലക്ഷ്യം കരസ്ഥമാക്കുന്നവരായിത്തീരുന്നതാണ്. വെറും ദുആ മാത്രമല്ല അല്ലാഹുവിന്റെ ലക്ഷ്യം. ആദ്യം തന്റെ സർവ്വവിധ കഴിവുകളും ശക്തികളും രംഗത്തിറക്കുക. അതോടൊപ്പം പ്രാർത്ഥന ചെയ്യുകയും എല്ലാ മാർഗങ്ങളും സ്വീകരിക്കുകയും ചെയ്യുക. ലക്ഷ്യത്തിലേക്കെത്താനുള്ള മാർഗ്ഗങ്ങളൊന്നും സ്വീകരിക്കാതെ ദുആ മാത്രം ചെയ്യുകയാണെങ്കിൽ അത് ദുആയുടെ മര്യാദകളെക്കുറിച്ച് അറിയില്ല എന്നാണ് തെളിയിക്കുന്നത്. അല്ലാഹുവിനെ പരീക്ഷിക്കുകയാണ് ഇതുമുഖേന ചെയ്യുന്നത്. എന്നാൽ വസ്തുക്കളിൽ മാത്രം ആശ്രയം കണ്ടെത്തുകയും ദുആ ഉപേക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ ഇതിനെ നിരീശ്വരത്വം എന്നാണ് പറയുക. ശരിക്കും ഓർമ്മിക്കുക. ദുആ എന്ന വലിയ സമ്പത്ത് ഉപേക്ഷിക്കാത്തവന്റെ ദീനിലും ദുൻയാവിലും ഒരാപത്തും വരുന്നതല്ല. നാലുഭാഗത്തും സായുധരായ പടയാളികളാൽ വലയം ചെയ്യപ്പെട്ട സുരക്ഷിതമായ കോട്ടക്കകത്താണ് ഇക്കൂട്ടരുള്ളത്. എന്നാൽ ദുആയെ അവഗണിക്കുന്നവർ ആയുധമില്ലാത്ത ബലഹീനനായ ഒരു വ്യക്തിയെപ്പോലെയാണ്. മാത്രമല്ല അയാൾ വന്യമൃഗങ്ങളാലും ഉപദ്രവകാരികളായ ജന്തുക്കളാലും നിറഞ്ഞിരിക്കുന്ന ഒരു വനാന്തരത്തിലുമാണ്. ഇങ്ങനെയുള്ള വ്യക്തി താൻ അപകടത്തിലാണെന്ന് വേഗം തിരിച്ചറിയുന്നു. ഒരു നിമിഷനേരം കൊണ്ട് ഈ മൃഗത്തിന്റെ ആക്രമണത്തിൽ അയാൾ അകപ്പെടുന്നതാണ്. അയാളുടെ എല്ലും തോലുപോലും കാണാനുണ്ടാവില്ല. അതുകൊണ്ട് ഓർക്കുക. മനുഷ്യന്റെ യഥാർത്ഥ സൗഭാഗ്യവും രക്ഷക്കുള്ള മാർഗവും ഈ ദുആയാണ്. അവന്റെ അഭയകേന്ദ്രം ഈ ദുആയാണ്. അവൻ എപ്പോഴും ഇതിൽ മുഴുകി ഇരിക്കേണ്ടതാണ്.''

ലാഹോറിൽ വെച്ചുതന്നെയുള്ള മറ്റൊരു മജ്ലിസിൽ വെച്ച് പറഞ്ഞു. ''സ്വഭാവ സംസ്ക്കരണത്തിനുശേഷം രണ്ടാമത്തെ കാര്യം ദുആ മുഖേന അല്ലാഹുവിന്റെ പവിത്രമായ സ്നേഹം കരസ്ഥമാക്കുക എന്നതാണ്. നാനാതരം തിന്മയിൽ നിന്നും പാപത്തിൽ നിന്നും അകന്നിരിക്കുക. അകത്തുള്ള മാലിന്യങ്ങളെല്ലാം അകറ്റി പരിശുദ്ധമായ നീർതുള്ളിപോലെ ആയിത്തീരാൻ ശ്രമിക്കുക. ഈ അവസ്ഥ കരസ്ഥമാക്കാത്തിടത്തോളം കാലം അപകടം പതിയിരിക്കുന്നു എന്ന് മനസ്സിലാക്കുക. ദുആയോടൊപ്പം ഭൗതിക മാർഗ്ഗങ്ങൾ കൈയൊഴിയാതിരിക്കുക. കാരണം അല്ലാഹു മാർഗ്ഗങ്ങൾ അവലംഭിക്കുന്നതിനെ ഇഷ്ടപ്പെടുന്നു. അതുകൊണ്ടാണ് فَالْمُدَبِّرَاتِ أَمْرًا എന്ന് പറഞ്ഞുകൊണ്ട് വിശുദ്ധ ഖുർആൻ സത്യം ചെയ്തിരിക്കുന്നത്. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രാർത്ഥിക്കുകയും മറ്റു മാർഗ്ഗങ്ങൾ അവലംഭിക്കുകയും അവനെ നശിപ്പിക്കുന്ന സദസ്സുകളും കൂട്ടുകെട്ടുകളും സൗഹൃദങ്ങളും എല്ലാം ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് ആചാരാനുഷ്ഠാനം എന്ന നിലക്കല്ലാതെ ദുആയിൽ മുഴുകുകയും ചെയ്താൽ ഒരു ദിവസം സ്വാകാര്യതയുടെ അവസ്ഥ കൈവരുന്നതാണ്. കുറച്ച് കാലം പ്രാർത്ഥിച്ച് പിന്നെ വിട്ട് കളയുക എന്നത് ജനങ്ങളുടെ തെറ്റാണ്. ഞങ്ങൾ ഇത്രമാത്രം ദുആ ചെയ്തിട്ടും സ്വീകരിക്കപ്പെട്ടില്ല എന്നിക്കൂട്ടർ പരാതിപ്പെടുകയും ചെയ്യുന്നു. എന്നാൽ ദുആ വേണ്ടരീതിയിൽ ഇവർ ചെയ്തിട്ടേ ഇല്ല. പിന്നെ അതെങ്ങനെ സ്വീകരിക്കാൻ. ഒരാൾക്ക് വിശപ്പുണ്ടെങ്കിൽ, നല്ല ദാഹമുണ്ടെങ്കിൽ അയാൾ ഒരു മണി ദാന്യം കഴിച്ച് അതല്ല ഒരു തുള്ളി വെള്ളം കുടിച്ച് എനിക്ക് വയറ് നിറഞ്ഞിട്ടില്ലായെന്ന് പരാതിപ്പെടുകയാണെങ്കിൽ അയാളുടെ പരാതി പരിഗണനാർഹമാണോ? അല്ല ഒരിക്കലുമല്ല. അയാൾ വേണ്ട മാത്രയിൽ ഭക്ഷണവും പാനീയവും ഉപയോഗിച്ചിട്ടില്ലെങ്കിൽ ഒരു പ്രയോജനവും ഉണ്ടാകുന്നതല്ല. ദുആയുടെ അവസ്ഥയും ഇതുതന്നെയാണ്. മനുഷ്യൻ സ്ഥിരതയോടുകൂടി എല്ലാ മര്യാദയും പാലിച്ചുകൊണ്ട് ദുആ ചെയ്യുകയാണെങ്കിൽ അതോടൊപ്പം സ്വീകാര്യതയുടെ സമയവും വന്നെത്തിയാൽ തന്റെ ലക്ഷ്യം ഒരുനാൾ അവൻ നേടുമെന്ന് പ്രതീക്ഷിക്കാം. എന്നാൽ വഴിയിൽ വെച്ച് ഉപേക്ഷിച്ചാൽ ആ വ്യക്തി നശിച്ചൊടുങ്ങി. പലരും നശിക്കാൻ തയ്യാറായി നിൽക്കുന്നു.''

''ആപാദചൂടം തിന്മകളിൽ കഴിയുന്ന മനുഷ്യന് അൽപം നാളുകളിൽ മാത്രം ചെയ്യുന്ന പ്രാർത്ഥന എന്ത് ഫലം നൽകാനാണ്. അതോടൊപ്പം പൊങ്ങച്ചം, പ്രകടനാത്മകത, അഹങ്കാരം തുടങ്ങിയ ദൂഷ്യങ്ങളുമുണ്ടെങ്കിൽ അവയെല്ലാം സദ്പ്രവർത്തനങ്ങളെ വ്യഥാവിലാക്കിക്കളയുന്നതാണ്. സദ്പ്രവർത്തിയുടെ ഉദാഹരണം ഒരു പക്ഷിയെപോലെയാണ്. അതിനെ സത്യത്തിന്റെയും ആത്മാർത്ഥതയുടെയും കൂട്ടിൽ അടച്ചിട്ടാൽ അത് നിൽക്കും. അല്ലായെങ്കിൽ അത് പറന്നുകളയും. അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ ഇത് സാധ്യമല്ല. അല്ലാഹു പറയുന്ന فَمَنْ كَانَ يَرْجُوا لِقَاءَ رَبِّهِ فَلْيَعْمَلْ عَمَلًا صَالِحًا എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് ഈ പ്രവർത്തനത്തിൽ ഒരുവിധ തിന്മയുടെയും ലാഞ്ചനപോലും ഉണ്ടാകാൻ പാടില്ല, ഗുണം മാത്രമായിരിക്കണം, അഹങ്കാരം പാടില്ല, പൊങ്ങച്ചം പാടില്ല, അഹന്ത പാടില്ല, കിബ്റ് പാടില്ല, ശരീരേച്ഛകൾക്ക് ലക്ഷീഭവിക്കുന്നതാകരുത്. ജനശ്രദ്ധ ആകർഷിക്കാനുമാകരുത്. എത്രമാത്രമെന്നാൽ നരകത്തെക്കുറിച്ചും സ്വർഗത്തെക്കുറിച്ചുപോലും ചിന്തയുണ്ടായിരിക്കരുത്. ഈ പ്രവർത്തനം അല്ലാഹുവിന്റെ പ്രീതി മാത്രം ആഗ്രഹിച്ചുകൊണ്ടായിരിക്കണം ചെയ്യേണ്ടത്. മറ്റേതെങ്കിലും ലക്ഷ്യം നാം മുമ്പിൽ കണ്ടാൽ തീർച്ചയായും അടിതെറ്റും. ഇതിന്റെ പേരാണ് ശിർക്ക് എന്നത്. ഒരു കപ്പ് ചായക്കോ മറ്റെന്തെങ്കിലും വസ്തുവിനോ വേണ്ടി മാത്രമുള്ള സൗഹൃദം എന്ത് സൗഹൃദമാണ്. ഇങ്ങനെയുള്ള സുഹൃത്ത് ഇവ്വിധകാര്യത്തിൽ കുറവ് വരുത്തുന്നത് കണ്ടാൽ ഉടനെ സൗഹൃദം ഉപേക്ഷിക്കുന്നതാണ്. ഞങ്ങൾക്ക് ധനം കിട്ടണം, മക്കളെ ലഭിക്കണം, ഈ പ്രവർത്തനത്തിൽ ഞങ്ങൾക്ക് വിജയം ലഭിക്കണം എന്ന ഉദ്ദേശ്യത്തോടെ വല്ലവരും അല്ലാഹുവുമായി ബന്ധം വെക്കുന്നുണ്ടെങ്കിൽ അവരുടെ ബന്ധം താൽക്കാലികം മാത്രമയാരിക്കും. അവരുടെ വിശ്വാസം തന്നെ അപകടത്തിലാണ്. അവരുടെ ലക്ഷ്യങ്ങൾ

നേടുന്നതിന് വല്ല അപാകതയും നേരിട്ടാൽ ആ നാളിൽ അവരുടെ വിശ്വാസത്തിന് കോട്ടം തട്ടുന്നതാണ്. അതിനാൽ മറ്റേതെങ്കിലും കാര്യ ലാഭത്തിനായി അല്ലാഹുവിനെ ആരാധിക്കാത്തവനാണ് യഥാർത്ഥ വിശ്വാസി.''

1904 ഒക്ടോബറിൽ ലാഹോറിൽ നടന്ന ഒരു സദസ്സിൽവെച്ച് പറഞ്ഞു. ''നാവുകൊണ്ട് ദൈവമുണ്ടെന്ന് ഏറ്റുപറയുന്നവർ പല രുമുണ്ട്. എന്നാൽ അവരെ ഒന്ന് പരീക്ഷിച്ചുനോക്കിയാൽ ഉള്ളിൽ നിരീശ്വരത്വമാണെന്ന് കാണാം. കാരണം ഭൗതിക കാര്യങ്ങളിൽ മുഴു കുന്നവർ അല്ലാഹുവിന്റെ കോപത്തേയും മഹത്വത്തെയും പൂർണ്ണ മായും മറക്കുന്നു. അതിനാൽ ദുആ മുഖേന അല്ലാഹുവിന്റെ **മഅ്രിഫത്ത്** തേടേണ്ടത് നിങ്ങൾക്ക് നിർബന്ധമാണ്. ഇതില്ലാതെ ദൃഢ ജ്ഞാനം കൈവരുന്നതല്ല. അല്ലാഹുമായുള്ള ബന്ധം വിച്ഛേദിക്കു ന്നത് മരണതുല്യമാണെന്ന ബോധ്യം വരുന്നതുവരെ ഇതു കരസ്ഥമാ കുന്നതല്ല. പാപാത്തിൽ നിന്ന് രക്ഷപ്പെടാൻ ദുആ ചെയ്യുന്നതോ ടൊപ്പം ഭൗതിക മാർഗ്ഗങ്ങളും അവലംഭിക്കുക. തിന്മക്ക് പ്രേരണ നൽകുന്ന സദസ്സുകൾ ഉപേക്ഷിക്കുകയും ചെയ്യുക.''

ഇക്കാര്യം യുവാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പാപത്തി ലേക്ക് പ്രേരിപ്പിക്കുന്ന ഭൗതികമായ നാനാതരം സദസ്സുകളും കൂട്ടു കെട്ടുകളും ഉപേക്ഷിക്കുകയും പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതുമാ ണ്. മനുഷ്യനോടൊപ്പം ഉണ്ടാകുന്ന വിപത്തുകൾ അല്ലാഹുവിന്റെ സഹായമില്ലതെ അകറ്റപ്പെടുന്നതെല്ലെന്ന കാര്യം ഓർക്കുക.

''അഞ്ചുനേരം അനുഷ്ടിക്കപ്പെടുന്ന നമസ്ക്കാരത്തിൽ നൽകുന്ന സന്ദേശവും ഇതുതന്നെ. അതായത് അതിനെ ശരീരേച്ഛകളിൽ നിന്നും സുരക്ഷിതമാക്കുന്നില്ലെങ്കിൽ ശരിയായ നമസ്ക്കാരം ആയിരിക്കില്ല. കുമ്പിടലും നീരലും എന്നതോ ഒരനുഷ്ഠാനം എന്ന നിലക്ക് അനു ഷ്ഠിച്ച് വീട്ടലോ അല്ല നമസ്ക്കാരം കൊണ്ട് ഉദ്ദേശിക്കുന്നത്. ഹൃദയം കൂടി അറിയുന്നതായിരിക്കണം നമസ്ക്കാരം. ആത്മാവ് ഉരുകി ഭയാ നകമായ അവസ്ഥയിൽ ദൈവസവിധത്തിൽ വീഴണം. കഴിവനുസ രിച്ച് ഭക്തി സാന്ദ്രമായ അവസ്ഥ കൈവരിക്കാനും ശ്രമിക്കേണ്ടതാ ണ്. ഉള്ളുരുകി പ്രാർത്ഥിക്കുക. മനസ്സിന്റെ അകത്തുള്ള വലിപ്പ ത്തരവും തിന്മയും അകറ്റപ്പെടണം. ഇങ്ങനെയുള്ള നമസ്ക്കാരമാണ് അനുഗ്രഹീതമാകുന്നത്. ഇതിൽ സ്ഥിരചിത്തത കാണിക്കുകയാണെ ങ്കിൽ രാത്രിയിലൊ പകലൊ അവന്റെ ഹൃദയത്തിൽ ഒരു പ്രകാശം ഇറങ്ങുന്നതായി അവൻ കാണുന്നതാണ്. **നഫ്സെ അമ്മാറ**യുടെ പൊങ്ങച്ചം കുറഞ്ഞതായി അവന് അനുഭവപ്പെടും. പാമ്പിൽ വിഷമു ള്ളത് പോലെ നഫ്സെ അമ്മാറയിലും വിഷമുണ്ട്. ഇതിനുള്ള വിഷചി കിത്സ അത് സൃഷ്ടിച്ചവന്റെ പക്കലാണുള്ളത്.'' (നമുക്ക് നാശമുണ്ടാ ക്കുന്ന വസ്തുക്കൾക്കുള്ള പ്രതിവിധി അല്ലാഹുവിന്റെ പക്കലാണു ള്ളത്. അതുകൊണ്ട് ആ പ്രതിവിധി അല്ലാഹുവിനോട് ചോദിക്കുക)

1904 ൽ പുതുതായി ബൈഅത്ത് ചെയ്തവരുള്ള ഒരു മജ്ലി സിൽവെച്ച് പറഞ്ഞു. ''ദുആ ചെയ്യുമ്പോൾ തന്റെ ചിന്തകളും ഹൃദ യാവസ്ഥയും മനുഷ്യൻ പരിശോധിക്കേണ്ടതാണ്. അവന്റെ താൽ പര്യം ഭൗതികതയോടാണോ അതോ മതത്തോടാണോ എന്ന് നോക്കു ക. അവൻ ചെയ്യുന്ന ദുആകൾ കൂടുതലും ഭൗതികസുഖത്തിനാ യാണോ അതോ മതത്തിന്റെ സേവനത്തിനായാണോ ചെയ്യുന്നത്.(ഇത് നോട്ട് ചെയ്യേണ്ട കാര്യമാണ്. ഓരോരുത്തരുടേയും താൽപര്യം ദീനി നോടാണോ അതോ ദുൻയാവിനോടാണോ എന്ന് പരിശോധിക്കുക. ഇതിന് മാനദണ്ഡമായി പറഞ്ഞിട്ടുള്ളത് നാം ചെയ്യുന്ന പ്രാർത്ഥന കളിൽ അധികവും ഭൗതിക സുഖാഢംബരത്തിന് വേണ്ടിയാണോ ചെയ്യുന്നത് അതോ മതപരമായ ആവശ്യങ്ങൾക്ക് വേണ്ടിയാണോ) കിടന്നും ഇരുന്നും നടന്നും ഭൗതികതയാണ് എപ്പോഴും ലക്ഷ്യം വെക്കുന്നതെന്നും ദീനിനോട് പ്രതിപത്തി കുറവാണെന്നും മനസ്സി ലാവുകയാണെങ്കിൽ അവൻ തന്റെ അവസ്ഥയോർത്ത് സ്വയം വില പിക്കട്ടെ.'' (ദീനില്ലാതെ ദുൻയാവ് മാത്രമാണെങ്കിൽ സ്വന്തം അവസ്ഥ ഓർത്ത് കരയട്ടെ.)

''അരയും തലയും മുറുക്കി ഭൗതികനേട്ടം കൊയ്യാൻ ജനങ്ങൾ ഇറങ്ങുന്നതായി പലപ്പോഴും കണ്ടുവരുന്നു. അതിനായി പ്രാർത്ഥി ക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവർ വിവിധതരം രോഗത്തിന്റെ പിടിയിൽ വരുന്നു. ചിലർ ഭ്രാന്തരായിത്തീരുന്നു. എന്നാൽ എല്ലാം ദീനിനുവേണ്ടിയുള്ളതാണെങ്കിൽ അവ്വിധമാളുകളെ അല്ലാഹു ഒരി ക്കലും പാഴാക്കുന്നതല്ല. വാക്കിന്റെയും പ്രവർത്തിയുടെയും ഉദാ ഹരണം ഒരു ധാന്യത്തെപോലെയാണ്. ഒരാൾക്ക് ധാന്യം നൽകുകയും അത് ഉപയോഗിക്കാതെ വിട്ടുകളയുകയും ചെയ്താൽ കുറേ കഴി യുമ്പോൾ അത് കേടുവരും. ഇതേപോലെ വാക്കുകൾ മാത്രമാവു കയും അതനുസരിച്ച് പ്രവർത്തിയില്ലെങ്കിൽ കുറെ കഴിയുമ്പോൾ ആ വാക്കും ഇല്ലാതായിത്തീരുന്നതാണ്. അതുകൊണ്ട് പ്രവർത്തന ങ്ങളിൽ മുന്നേറാൻ ശ്രമിക്കേണ്ടതാണ്.'' (വിത്ത് മുളപ്പിച്ചാൽ അതിൽ നിന്നും ചെടി വളർന്ന് വരും. വെറുതെ വെച്ചാൽ അത് ചീത്തയാകു ന്നതാണ്)

1908 ജനുവരിയിൽ ഒരു സദസ്സിൽ വെച്ച് ഇപ്രകാരം പറഞ്ഞു. ''എന്താണ് ദുആ? ദുആ രണ്ട് രീതിയിലുണ്ട്. ഒന്ന് സാധാരണ രീതി യിൽ. രണ്ട് മനുഷ്യൻ അതിനെ പൂർണ്ണതയിലെത്തിക്കുന്നു. യഥാർ ത്ഥത്തിലുള്ള ദുആ ഇതാണ്. ഏതെങ്കിലും പ്രയാസത്തിൽ അക പ്പെടുന്നതിനുമുമ്പെ തന്നെ ദുആ ചെയ്യേണ്ടതാണ്. (പ്രയാസങ്ങൾ വന്നാൽ മാത്രം ദുആ ചെയ്താൽ പോരാ. പൊതുവിൽ ദുആ ചെയ്തു കൊണ്ടേയിരിക്കേണ്ടതാണ്.) അല്ലാഹുവിന്റെ ഉദ്ദേശ്യങ്ങൾ എന്തെല്ലാ മാണെന്ന് അവനെന്തറിയാം. നാളെ എന്താണു സംഭവിക്കുക എന്നും അവനറിയുന്നില്ല. അതുകൊണ്ട് നേരത്തെ തന്നെ ദുആ ചെയ്യുക. എന്നാൽ രക്ഷപ്പെടുന്നതാണ്. ചിലപ്പോൾ ദുആക്ക് പോലും അവ സരം നൽകാതെ പ്രയാസങ്ങൾ വരുന്നു. അതുകൊണ്ട് നേരത്തെ ദുആ ചെയ്തുവെച്ചിട്ടുണ്ടെങ്കിൽ ഈ വിപത്ഘട്ടത്തിൽ ഫലം നൽകുന്നതാണ്. ദുആയുടെ പ്രാധാന്യമാണിത്.''

ഒരു പ്രസംഗമദ്ധ്യേ ആ മഹാത്മാവ് عليه السلام പറഞ്ഞു. മനുഷ്യന്റെ ബാഹ്യമായ സൃഷ്ടിപ്പ് അതായത് അവന്റെ ഇരുകൈകളും ഇരുകാ ലുകളും പരസ്പരം സഹായത്തിന്റെ അടയാളമാണ്. ഈ ഒരു ദൃശ്യം നമുക്ക് മനുഷ്യനിൽ തന്നെ കാണാമെന്നിരിക്കേ നന്മയിലും തഖ്‌വയിലും പരസ്പരം നഹകരിക്കുക എന്ന കൽപന മനസ്സിലാ ക്കാൻ എന്താണ് പ്രയാസമെന്ന് മനസ്സിലാകുന്നില്ല. (മനുഷ്യ ശരീര ത്തിന്റെ സൃഷ്ടാവ് തന്നെ പരസ്പരം സഹകരിക്കണമെന്ന് നമ്മോട് പറയുന്നു.) وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَىٰ എന്ന് മനസ്സിലാക്കാൻ എന്താണ് പ്രയാസം.'' ''സാധന സാമഗ്രികളും ദുആ മുഖേന അന്വേ ഷിക്കുക എന്നാണ് എനിക്ക് പറയാനുള്ളത്. പരസ്പര സഹകര

ത്തെക്കുറിച്ച് പറയുമ്പോൾ മനുഷ്യ ശരീരത്തിൽ തന്നെ പരസ്പര സഹകരണത്തിന്റെ മാതൃക കാൺകേ അതിനെ ആരെങ്കിലും ധിക്കരിക്കുമെന്ന് ഞാൻ കരുതുന്നില്ല. ഈ കാര്യം ലോകത്ത് വ്യക്തമാക്കുന്നതിന്നായി ലോകത്ത് അല്ലാഹു പ്രവാചക ശൃഖല തന്നെ സ്ഥാപിച്ചിട്ടുണ്ട്. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഈ പ്രവാചകന്മാർക്ക് ഒരു വിധ സഹായവും വേണ്ടാത്ത അവസ്ഥ സംജാതമാക്കാൻ കഴിവുള്ളവനായിരിക്കുന്നു എന്നല്ല, കഴിവുള്ളവനാണ് അല്ലാഹു. എന്നിട്ടും ആ പ്രവാചകന്മാരുടെ ജീവിതത്തിലും مَنْ اَنْصَارِیْۤ اِلَی اللّٰهِ എന്ന് ചോദിക്കുന്ന ഒരവസരം വരുന്നു. അവരെന്താ അപേക്ഷണത്തിനായി യാചിക്കുന്ന യാചകനെപ്പോലെയാണോ ഈ യാചന നടത്തുന്നത് അല്ല. مَنْ اَنْصَارِیْۤ اِلَی اللّٰهِ എന്ന് പറയുമ്പോഴും അതിൽ ഒരു മഹത്വം ഉൾകൊള്ളുന്നുണ്ട്. അവർ ലോകത്തിന് ഭൗതിക മാർഗങ്ങൾ അവലംഭിക്കേണ്ടത് എങ്ങിനെയാണെന്ന് പഠിപ്പിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. (പ്രവാചകന്മാർ അല്ലാഹുവിന്റെ സഹായികളാരുണ്ടെന്ന് ചോദിക്കുന്നത് ജനങ്ങളെ പഠിപ്പിക്കാനാണ്) അതും ദുആയുടെ ഒരു വകുപ്പ് തന്നെയാണ്. അവർക്ക് അല്ലാഹുവിൽ പൂർണ്ണ വിശ്വാസവും അവന്റെ വാഗ്ദാനത്തിൽ ദൃഢജ്ഞാനവും ഉണ്ടെന്നതിൽ സംശയമില്ല. اِنَّا لَنَنْصُرُ رُسُلَنَا وَالَّذِيْنَ اٰمَنُوْا فِي الْحَيٰوةِ الدُّنْيَا وَيَوْمَ يَقُوْمُ الْاَشْهَادُ ۝٥٢ എന്നത് അല്ലാഹുവിന്റെ അലംഘനീയമായ ഒരു വാഗ്ദാനമാണെന്ന് അവർക്കറിയാം. അല്ലാഹു ഒരാളുടെ ഹൃദയത്തിൽ സഹായിക്കാനുള്ള ചിന്ത ഇടുന്നില്ലെങ്കിൽ അയാൾക്ക് എങ്ങിനെ സഹായിക്കാൻ സാധിക്കുന്നതാണ്.

“യഥാർത്ഥത്തിൽ ശരിക്കുമുള്ള സഹായിയും സഹകാരിയും അല്ലാഹുവിന്റെ പരിശുദ്ധ അസ്തിത്വം ഒന്ന് മാത്രമാണ്. അവന്റെ മഹത്വമായി പറഞ്ഞത്. **നിഅ്മൽ മൗലാ വ നിഅ്മന്നസീർ വ നിഅ്മൽ വകീൽ** എന്നാണ്. ലോകവും ലൗകിക സഹായവും ഈ വരിഷ്ഠ ദാസരുടെ മുമ്പിൽ മൃതതുല്ല്യമാണ്. ചത്ത കീടത്തിനത്രയും വില പോലും അതിനില്ല. എന്നിരുന്നാലും ലോകത്തിന് ദുആയുടെ ഒരു സാധാരണ മാർഗ്ഗം കാണിച്ചുകൊടുക്കുന്നതിനാണ് അവർ ഈ മാർഗം സ്വീകരിക്കുന്നത്. തങ്ങളുടെ പ്രവർത്തനങ്ങളുടെ ആശ്രയമെല്ലാം അവർ അല്ലാഹുവിനെയാണ് മനസ്സിലാക്കുന്നത്. **വഹുവ യതവല്ലസ്വാലിഹീൻ** എന്നത് തികച്ചും സത്യമാണ്. തങ്ങളുടെ പ്രവർത്തനങ്ങൾ മറ്റുള്ളവർ മുഖേന പ്രകടമാക്കുന്നതിന്നായി അല്ലാഹു അവരോട് പറയുന്നു. നമ്മുടെ പ്രവാചകർ ﷺ വിവിധ അവസരങ്ങളിൽ സഹായത്തിനായി ഉപദേശിക്കാറുണ്ടായിരുന്നു. കാരണം ദൈവ സഹായം ഇറങ്ങാനുള്ള അവസരമായിരുന്നു അവയെല്ലാം.”

പറയുന്നു. “ദുആയുടെ ഉദാഹരണം, നല്ല തെളിഞ്ഞ നീരുറവയെപ്പോലെയാണ്. ആ നീരുറവക്കടുത്ത് ഒരു വിശ്വാസി ഇരിക്കുന്നു. അവന് എപ്പോൾ വേണമെങ്കിലും ഈ ഉറവയിൽ നിന്നും പാനം ചെയ്യാവുന്നതാണ്. വെള്ളമില്ലാതെ ഒരു മത്സ്യത്തിന് ജീവൻ നില നിർത്താൻ കഴിയാത്തതുപോലെ ഒരു വിശ്വസിയുടെ വെള്ളം ദുആയാണ്. അതില്ലാതെ അവന് ജീവിച്ചിരിക്കാൻ കഴിയില്ല. ഈ ദുആയുടെ യഥാർത്ഥ സ്ഥാനം നമസ്ക്കാരമാണ്. അതിൽ ഒരു വിശ്വാസിക്ക് പൂർണ്ണമായ ആനന്ദവും അനുഭൂതിയും സംതൃപ്തിയും കരസ്ഥമാക്കുന്നു. ഒരു ദുർനടപ്പുകാരന് ലൗകികതയിൽ ലഭിക്കുന്ന ഭൗതികാനുഭൂതികൾ ഇതിന്നെതിരിൽ ഒന്നുമല്ല. ദുആ മുഖേന നമുക്ക് കരസ്ഥമാകുന്ന ഏറ്റവും ശ്രേഷ്ഠമായ കാര്യം ദൈവസാമീപ്യമാകുന്നു. ദുആ മുഖേനയാണ് മനുഷ്യൻ അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കുന്നതും അവിനിലേക്ക് വലിച്ചടുപ്പിക്കപ്പെടുന്നതും. വിശ്വാസിയുടെ ദുആ പൂർണ്ണ ആത്മാർത്ഥതയോടും പൂർണ്ണമായ വിലയം പ്രാപിച്ചുകൊണ്ടുമാകുമ്പോൾ അല്ലാഹുവിന് അവനോട് കരുണ തോന്നുകയും അങ്ങനെ അല്ലാഹു അവന്റെ സംരക്ഷകനായിത്തീരുകയും ചെയ്യുന്നു. മനുഷ്യൻ തന്റെ ജീവിതത്തെക്കുറിച്ച് ചിന്തിച്ചിരുന്നെങ്കിൽ അല്ലാഹുവിന്റെ സംരക്ഷണമില്ലാതെ മനുഷ്യജീവിതം ദുഷ്കരമായിത്തീരുന്നതാണെന്ന് മനസ്സിലാകുമായിരുന്നു. നോക്കുക. മനുഷ്യൻ പ്രായപൂർത്തിയിലെത്തുകയും തന്റെ ലാഭ നഷ്ടങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ തുടങ്ങുകയും ചെയ്യുമ്പോൾ പരാജയങ്ങളുടെയും നിരാശകളുടെയും തകർച്ചയുടെയും ഒരു നീണ്ടശൃംഖല തന്നെ തുടങ്ങുന്നു. അതിൽ നിന്നും രക്ഷപ്പെടാൻ വിവിധമാർഗങ്ങൾ അവൻ അവലംഭിക്കുന്നു. സമ്പത്തുകൊണ്ടും ഭരണാധികളോടുള്ള ബന്ധം മുഖേനയും വിവിധയിനം കുതന്ത്രങ്ങൾ മുഖേനയും അവൻ രക്ഷപ്പെടാൻ തുടങ്ങുന്നു. (ഭൗതികമായി ഏതെങ്കിലും പ്രയാസത്തിൽ അകപ്പെട്ടാൽ അതിൽ നിന്നും രക്ഷപ്പെടുന്നതിനായി അവൻ പല മാർഗങ്ങളും സ്വീകരിക്കും. പണമുണ്ടെങ്കിൽ അത് ഉപയോഗിക്കും. ഉന്നതഉദ്യോഗസ്ഥരുമായി ബന്ധമുണ്ടെങ്കിൽ ആ ബന്ധങ്ങളെ അവൻ ഉപയോഗപ്പെടുത്തുന്നു. അതേപോലെ ഏതെങ്കിലും മാർഗം സ്വീകരിച്ചും അതിൽ നിന്നും രക്ഷപ്പെടാൻ അവർ ശ്രമിക്കുന്നു.) എന്നാൽ അതിൽ വിജയിക്കുക എന്നത് പ്രയാസകരമാണ്. ചിലപ്പോൾ അവന്റെ ഇവ്വിധമുള്ള പ്രവർത്തനത്തിന്റെ പരിണിത ഫലമായി അവന് ആത്മഹത്യ ചെയ്യേണ്ടതായിവരെ വരുന്നു. ഈ ഭൗതികരായവർക്ക് നേരിടേണ്ടിവരുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നാം അല്ലാഹുവിന്റെ വരിഷ്ഠ ദാസരുമായും പ്രവാചകരുമായും തട്ടിച്ചുനോക്കുകയാണെങ്കിൽ ഇവർക്ക് നേരിടേണ്ടിവരുന്ന പ്രയാസങ്ങൾ പ്രവാചകന്മാരുടെ പ്രയാസങ്ങൾക്ക് മുമ്പിൽ ഒന്നുമല്ല. എന്നാൽ പ്രവാചകന്മാർക്കേൽക്കേണ്ടിവരുന്ന പ്രയാസങ്ങൾ ഒരിക്കലും അവരെ ദുഃഖിപ്പിക്കുകയോ നിരാശരാക്കുകയോ ചെയ്യുന്നില്ല. (അമ്പിയാക്കൾക്കും ഔലിയാക്കൾക്കും വരുന്ന പ്രയാസങ്ങൾ അവരെ ദുഃഖത്തിലാഴ്ത്തുന്നില്ല.) അവരുടെ സന്തോഷത്തിലും ആനന്ദത്തിലും ഇതൊന്നും ഒരു വ്യതിയാനവും വരുത്തുന്നില്ല. കാരണം തങ്ങളുടെ ദുആ മുഖേന അവർ അല്ലാഹുവിന്റെ സംരക്ഷണത്തിലാണ് നിലകൊള്ളുന്നത്. ഒരാൾക്ക് ഒരു ഭരണാധികാരിയുമായി നല്ല ബന്ധമുണ്ടെങ്കിൽ അതോടൊപ്പം എന്ത് പ്രയാസം നേരിട്ടാലും ഞാൻ സഹായിക്കുമെന്ന് ആ ഭരണാധികാരി ഇദ്ദേഹത്തിന് ഉറപ്പ് നൽക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആ ഭരണാധികാരിക്ക് പരിഹരിക്കാൻ കഴിയുന്ന തരത്തിലുള്ള വല്ല പ്രയാസത്തിലും ഈ വ്യക്തി അകപ്പെട്ടാൽ തന്നെ സാധാരണക്കാരെ അപേക്ഷിച്ച് ഈ വ്യക്തിക്ക് ദുഃഖമോ വ്യസനമോ ഉണ്ടായിരിക്കില്ല. എന്നാൽ ഈ ഭരണാധികാരിയേക്കാളും കൂടുതൽ ശക്തമായ ബന്ധം സർവ്വാധികാരിയായ അല്ലാഹുവിനോടുള്ള ഒരു മുഅ്മിൻ പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ എങ്ങിനെ ഭയപ്പെടാൻ. അമ്പിയാക്കൾക്കുണ്ടാകുന്ന പ്രയാസങ്ങളുടെ പത്തിലൊരംശം പോലും മറ്റാരിലെങ്കിലും ഉണ്ടായാൽ അവർക്ക് ജീവിതം മുന്നോട്ട്

കൊണ്ടുപോകാനുള്ള കരുത്ത്തന്നെ ഉണ്ടാകില്ല. ഇക്കൂട്ടർ ലോകത്തേക്ക് സംസ്ക്കരണത്തിനായി വരുമ്പോൾ ലോകം ഒന്നടങ്കം അവരുടെ ശത്രുവായി മാറുന്നു. ലക്ഷക്കണക്കിന് പേർ അവരുടെ രക്തദാഹികളായിത്തീരുന്നു. എന്നാൽ ഈ അപകടകാരികളായ ശത്രുക്കൾപോലും അവരുടെ സ്വസ്ഥതക്ക് ഭംഗം വരുത്തുന്നതല്ല. ഒരാൾക്ക് ഒരു ശത്രുവുണ്ടായാൽ ഒരു നിമിഷം തന്നെ അവന്റെ ഭയത്തിൽ നിന്നും അവൻ മുക്തനായിരിക്കില്ല. എന്നാൽ ഇവിടെ നാട് ഒന്നടങ്കം ശത്രുതയിലാണ്. എന്നിട്ടും പ്രവാചകർ ശാന്തി സമാധാന ജീവിതം നയിക്കുന്നു. ഈ പ്രയാസകരമായ അവസ്ഥകളെയെല്ലാം തികഞ്ഞ സൗമ്യതയോടെ അവർ നേരിടുന്നു. സഹനം തന്നെ ഒരു മുഅ്ജിസത്താണ്. കറാമത്താണ്. റസൂൽ ﷺ യുടെ സ്ഥിരചിത്തത എന്നത് ലക്ഷക്കണക്കിന് മുഅ്ജിസത്തുകളേക്കാളും വലിയ മുഅ്ജിസത്താണ്. സമൂഹം ഒന്നടങ്കം എതിർത്തിട്ടും സമ്പത്തിന്റെയും ഭരണകൂടത്തിന്റെയും ഭൗതികമേൽക്കോഴ്മയുടെയും സുന്ദരികളായ തരുണീമണികളുടെയും മോഹനവാഗ്ദാനങ്ങൾ ഉണ്ടായിട്ടും **ലാഇലാഹ ഇല്ലല്ലാഹ്** എന്ന പ്രബോധനത്തിൽ നിന്ന് വിട്ടുനിൽക്കാനുള്ള സമൂഹത്തിന്റെ സമ്മർദം ഉണ്ടായിട്ടും തിരുനബി ﷺ അതിൽ നിന്നും പിൻമാറാതെ പറഞ്ഞത്; ഞാൻ എന്റെ പക്കൽ നിന്നാണ് ഇത് പറയുന്നതെങ്കിൽ ഇതെല്ലാം സ്വീകരിക്കുമായിരുന്നു എന്നാൽ എന്റെ ദൈവത്തിന്റെ ഇംഗിതപ്രകാരമാണ് ഞാനിത് ചെയ്യുന്നത് എന്ന പ്രവാചകന്റെ വാക്കുകൾ മറുഭാഗത്ത് ഈ എല്ലാ പ്രയാസങ്ങളും സഹിക്കുക എന്നതും മനുഷ്യകഴിവിന്നപ്പുറമുള്ള മുഅ്ജിസത്ത് തന്നെയാണ്. ഈ എല്ലാ ശക്തിയും ക്ഷമയും എല്ലാം ഒരു വിശ്വാസിക്ക് ലഭിക്കുന്നത്, അല്ലാഹു വിശ്വാസിക്ക് നൽകിയിരിക്കുന്ന പ്രാർത്ഥനയുടെ ശക്തി മുഖേനയാണ്. ഇവരുടെ വേദനാനിർഭരമായ പ്രാർത്ഥന ചിലപ്പോൾ കൊലയാളികളുടെ പദ്ധതികളെ തകർത്തെറിയുന്നു. ഹദ്റത്ത് ഉമർ رضي الله عنه തിരുനബി ﷺ യെ വധിക്കാനായി പോയ സംഭവം നിങ്ങൾ കേട്ടിരിക്കും. അബൂജഹൽ അന്ന് നാട്ടിൽ തിരുനബി ﷺ യെ വധിക്കുന്നവർക്ക് പലവിധ സമ്മാനങ്ങളും ലഭിക്കുന്നതാണെന്ന് വിജ്ഞാപനം വിളമ്പരപ്പെടുത്തിയിരുന്നു. ഹദ്റത്ത് ഉമർ رضي الله عنه ഇസ്ലാം സ്വീകരിക്കുന്നതിന്മുമ്പ് അബൂജഹലിനോട് കരാർ ചെയ്യുകയും തിരുനബി ﷺ യെ വധിക്കാൻ തയ്യാറാകുകയും ചെയ്തു. അദ്ദേഹം അവസരം പാർത്തിരിക്കുകയായിരുന്നു. അന്വേഷണത്തിൽ കിട്ടിയ വിവരം തിരുനബി ﷺ അർദ്ധരാത്രിയിൽ കഅബയിൽ നമസ്ക്കാരത്തിനായി വരാറുണ്ടെന്ന് അറിഞ്ഞു. ഇതുതന്നെയാണ് പറ്റിയ അവസരമെന്ന് മനസ്സിലാക്കിയ ഹദ്റത്ത് ഉമർ رضي الله عنه വൈകുന്നേരം കഅ്ബയിൽ വന്ന് ഒളിച്ചിരുന്നു. അർദ്ധരാത്രി കഴിഞ്ഞപ്പോൾ കാട്ടിൽ നിന്നും **ലാഇലാഹ ഇല്ലല്ലാഹ്** എന്ന ശബ്ദം മുഴങ്ങിക്കേൾക്കാൻ തുടങ്ങി. തിരുനബി ﷺ സുജൂദിൽ കിടക്കുമ്പോൾ വധിക്കാമെന്ന് ഉമർ പ്ലാൻ ചെയ്തു. നബി ﷺ ഹൃദയനൊമ്പരത്തോടെ ദൈവസമക്ഷം തന്റെ അർത്ഥനകൾ അർപ്പിച്ചു. സുജൂദിൽ ഹദ്റത്ത ഉമറിന്റെ ഹൃദയം മാറിമറിയുന്ന രീതിയിൽ ദൈവസവിധത്തിൽ ദൈവത്തെ സ്തുതിച്ചു. അങ്ങനെ ഉമറിന്റെ ധൈര്യം ചോർന്നുപോയി. അക്രമവാസന കുറഞ്ഞു. നമസ്ക്കാരം അവസാനിപ്പിച്ച് തിരുനബി ﷺ വീട്ടിലേക്ക് പുറപ്പെട്ടപ്പോൾ ഉമറും അദ്ദേഹത്തെ പിൻപറ്റി. തിരുനബി ﷺ ശബ്ദം കേട്ടപ്പോൾ ആരാണെന്ന് ചോദിച്ചു. ഉമറാണെന്നറിഞ്ഞപ്പോൾ ചോദിച്ചു. ഉമർ! എന്നെ വെറുതെ വിടില്ലെ. ഹദ്റത്ത് ഉമർ ശാപ പ്രാർത്ഥന ചെയ്യുമോ എന്നോർത്ത് പറഞ്ഞു. ഹുസൂർ ഞാൻ താങ്കളെ വധിക്കാനുള്ള ഉദ്ദേശ്യമെല്ലാം ഉപേക്ഷിച്ചിരിക്കുന്നു. എനിക്കായി ശാപപ്രാർത്ഥന നടത്താതിരുന്നാലും. ഉമർ رضي الله عنه പറയാറുണ്ടായിരുന്നു. ഇസ്ലാമിനോടുള്ള സ്നേഹം എന്റെ ഹൃദയത്തിൽ പ്രവേശിച്ച ആദ്യരാത്രി അതായിരുന്നു.

പറയുന്നു.''ദുശ്പ്രകൃതക്കാരനായ ശത്രു നമ്മോടുള്ള വിരോധം കാരണം നമ്മുടെ ഓരോ കാര്യത്തെക്കുറിച്ചും ആക്ഷേപിക്കുകയാണ് ചെയ്യുന്നത്. കാരണം അവരുടെ ഹൃദയം മോശമാണ്. ആരുടെയെങ്കിലും ഹൃദയം മോശമായാൽ നാനാഭാഗത്തും ഇരുട്ടാണ് അവർക്ക് ദൃശ്യമാകുക.ഈ ഭോഷൻമാർ പറയുന്നത്, ഞാൻ വെറുതെ ഇരിക്കുകയാണ് ഒന്നും ചെയ്യുന്നില്ല എന്നാണ്. എന്നാൽ വാഗ്ദത്ത മസീഹിനെക്കുറിച്ച് വാളെടുക്കുമെന്നോ യുദ്ധം ചെയ്യുമെന്നോ എവിടെയും എഴുതിയിട്ടില്ല എന്ന കാര്യം അവർ അറിയുന്നില്ല. മസീഹിന്റെ ഊത്തുകൊണ്ട് കാഫിറുകൾ നശിക്കുമെന്നാണ് എഴുതിയിട്ടുള്ളത്. അതായത് ദുആ മുഖേന അദ്ദേഹം തന്റെ പ്രവർത്തികളെല്ലാം ചെയ്യുന്നതാണ്. ഞാൻ പുറത്തിറങ്ങി പട്ടണംതോറും ചുറ്റിയതുകൊണ്ട് വല്ല പ്രയോജനവും ഉണ്ടാകുമായിരുന്നുവെങ്കിൽ ഞാൻ ഒരു നിമിഷ നേരം പോലും ഇവിടെ ഇരിക്കുമായിരുന്നില്ല. എന്നാൽ ചുറ്റിക്കറങ്ങുന്നത്കൊണ്ട് കാല് തേഞ്ഞുപോകുകയല്ലാതെ മറ്റൊരു നേട്ടവും ഉണ്ടാകില്ലെന്ന് എനിക്കറിയാം. നാം കരസ്ഥമാക്കാനാഗ്രഹിക്കുന്ന എല്ലാം ദുആ മുഖേന മാത്രമേ കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ.''

ദുആയിൽ പല ശക്തികളുമുണ്ട്. പറയുന്നു. ''ഒരിക്കൽ ഒരു രാജാവ് മറ്റൊരു രാജ്യത്തെ ആക്രിമിക്കാൻ തയ്യാറായി പുറപ്പെട്ടു. വഴിമധ്യേ ഒരു ഭിക്ഷു അദ്ദേഹത്തിന്റെ കുതിരയുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ട് പറഞ്ഞു. നിങ്ങൾ മുന്നോട്ട് നീങ്ങരുത് അല്ലെങ്കിൽ ഞാൻ താങ്കളോട് പോരാടുന്നതാണ്. രാജാവ് ഇത്കണ്ട് അത്ഭുതപ്പെട്ടു. എന്നിട്ട് ചോദിച്ചു. ''നിങ്ങൾ ഒരു പാവം. ആയുധമാണെങ്കിൽ ഒന്നും കൈയ്യിൽ ഇല്ലതാനും. എന്നോട് എങ്ങനെ പോരാടാനാണ്.? '' ഭിക്ഷു പറഞ്ഞു. ''സുബ്ഹി നേരത്തെ ദുആയാകുന്ന ആയുധം കൊണ്ട് നിങ്ങൾക്കെതിരിൽ ഞാൻ യുദ്ധം ചെയ്യുന്നതാണ്.'' രാജാവ് പറഞ്ഞു. ''അതിനെ നേരിടാൻ എനിക്ക് കഴിയില്ല.'' ഇതും പറഞ്ഞ് അദ്ദേഹം തിരിച്ചുപോയി. ചുരുക്കത്തിൽ ദുആയിൽ അല്ലാഹു വിവിധതരം ശക്തികൾ വെച്ചിട്ടുണ്ട്. അല്ലാഹു പലവുരു ഇൽഹാമുകൾ മുഖേന എന്നോട് പറഞ്ഞിട്ടുള്ളത്, എന്ത് തന്നെ നടക്കണമെങ്കിലും ദുആ മുഖേന മാത്രമേ നടക്കുകയുള്ളൂ എന്നാണ്. നമ്മുടെ ആയുധം ദുആയാണ്. ഇതല്ലാതെ മറ്റൊരു ആയുധവും നമ്മുടെ പക്കലില്ല. നാം പരോക്ഷമായി ചോദിക്കുന്നത് അല്ലാഹു പ്രത്യക്ഷമായി കാണിച്ചുതരുന്നു. മുമ്പുള്ള എതിരാളികളെ ചില പ്രവാചകന്മാർ മുഖേന അല്ലാഹു ശിക്ഷിച്ചിരുന്നു. എന്നാൽ നാം ദുർബലനും നിരാലംബനുമാണെന്ന് അല്ലാഹുവിനറിയാം. അതുകൊണ്ട് നമ്മുടെ എല്ലാ പ്രവർത്തിയും അവൻ തന്റെ കരങ്ങളിൽ എടുത്തിരിക്കുകയാണ്. ഇസ്ലാമിന് വിജയത്തിനുള്ള ഒരേയൊരു മാർഗം ഇതുമാത്രമാണ്. എന്നാൽ മുല്ലാവർഗം ഇതറിയുന്നില്ല. യുദ്ധത്തിനുള്ള മാർഗം നമുക്കായി തുറക്കപ്പെട്ടിരുന്നെങ്കിൽ അതിനുള്ള സർവ്വ സാധനസാമഗ്രികളും നമുക്ക് തന്നെ നൽകപ്പെടുമായിരുന്നു. നമ്മുടെ പ്രാർത്ഥന അതിന്റെ കേന്ദ്രത്തിൽ എത്തുമ്പോൾ വ്യാജന്മാർ സ്വയം നശിച്ചൊടുങ്ങും. അൽപജ്ഞാനികളും ഇരുണ്ട ഹൃദയരുമായ

ശത്രുക്കൾ പറയുന്നത്, ഉറക്കവും തീറ്റയുമല്ലാതെ ഇദ്ദേഹത്തിന് മറ്റൊരു പ്രവർത്തിയുമില്ലെന്നാണ്. എന്നാൽ നമ്മുടെ പക്കൽ ദുആയെക്കാളും മൂർച്ചയുള്ള മറ്റൊരായുധവും തന്നെ ഇല്ല എന്നതാണ്. അല്ലാഹു മതത്തെ ഏതുരീതിയിലാണ് വിജയിപ്പിക്കുന്നതെന്ന കാര്യം മനസ്സിലാക്കിയവർ സൗഭാഗ്യവാന്മാരാണ്."

ദുആയുടെ ചില ഉദാഹരണങ്ങളാണ് ഞാനിന്ന് നിങ്ങളുടെ മുമ്പിൽ സമർപ്പിച്ചിരിക്കുന്നത്. *അല്ലാഹു നമുക്ക് ദുആയുടെ വിഷയം മനസ്സിലാക്കാനും നമ്മുടെ ജീവിതത്തിൽ നടപ്പിൽ വരുത്താനുമുള്ള തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവിന്റെ അസ്തിത്വമായിരിക്കട്ടെ എപ്പോഴും നമ്മുടെ മുമ്പിലുള്ളത്. നാം അവന്റെ പ്രീതി കരസ്ഥമാക്കലുമായിരിക്കട്ടെ. സന്തോഷങ്ങളിലും സന്താപങ്ങളിലും അല്ലാഹുവിന്റെ സവിധത്തിൽ കുമ്പിടുന്നവരും അവനോട് തേടുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നവരുമായിത്തീരട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മായി ബൈഅത്തിന്റെ ബന്ധം സ്ഥാപിച്ചുകൊണ്ട് നമ്മിൽ അർപ്പിതമാകുന്ന കടമകൾ മനസ്സിലാക്കുന്നവരായി നാം മാറട്ടെ.* നമ്മുടെ വാക്കും പ്രവർത്തിയും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതായിതീരുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ദീനിനെ ദുൻയാവിനെക്കാൾ മുൻഗണന നൽകുന്നവരായി നാം മാറട്ടെ. അതിനായി പ്രാർത്ഥിക്കുന്നവരായിമാറട്ടെ.

അഹ്മദിയ്യത്തിന്റെ എതിരാളികൾ ഇക്കാലത്ത് എതിർപ്പ് ശക്തിപ്പെടുത്തിയിരിക്കുകയാണ്. ജമാഅത്തിന്റെ സുരക്ഷിതത്വത്തിനായി കൂടുതൽ പ്രാർത്ഥിക്കുക. അല്ലാഹു ശത്രുവിന്റെ എല്ലാ തന്ത്രവും അവരിലേക്ക് തന്നെ തിരിച്ചുവിടട്ടെ. ജമാഅത്തിനെ ഓരോ നിമിഷവും സംരക്ഷിക്കുമാറാകട്ടെ.

اَللّٰهُمَّ اِنَّا نَجْعَلُكَ فِيْ نُحُوْرِهِمْ وَنَعُوْذُبِكَ مِنْ شُرُوْرِهِمْ

അല്ലാഹുവേ എതിരാളികളെ നേരിടാൻ ഞങ്ങൾ നിന്നെ കൊണ്ടുവരുന്നു. ഇവരുടെ ഉപദ്രവത്തിൽ നിന്നും നിന്റെ അഭയത്തിൽ വരുന്നു. **റബ്ബി ഇന്നീ മഗ്ല്‌ലൂമുൻ ഫൻതസ്വിർ** എന്റെ നാഥാ ഞാൻ അക്രമിക്കപ്പെട്ടിരിക്കുന്നു. നീ തന്നെ പ്രതികാരം ചെയ്താലും.

رَبِّ كُلُّ شَيْءٍ خَادِمُكَ رَبِّ فَاحْفَظْنِيْ وَانْصُرْنِيْ وَارْحَمْنِيْ

*എന്റെ നാഥാ എല്ലാം നിന്റെ സേവകരാണ്. എന്നെ സംരക്ഷണത്തിൽ വെക്കേണമേ. എന്നെ സഹായിക്കേണമെ. എന്നോട് കരുണ ചൊരിയേണമേ.*

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഒരു പ്രത്യേക ദുആ ഉണ്ട്.

**റബ്ബി തവഫ്ഫനീ മുസ്‌ലിമൻ വ അൽഹിഖ്നീ ബിസ്സ്വാലിഹീൻ**

*എന്റെ നാഥാ ഇസ്‌ലാമിൽ തന്നെ എന്നെ മരിപ്പിക്കേണമേ. സദ്‌വൃത്തരോടൊപ്പം എന്നെ കൂട്ടുകയും ചെയ്യേണമേ.*

*എപ്പോഴും നാം സാത്വികരുടെകൂടെയുള്ളവരാകട്ടെ. അല്ലാഹു നമ്മുടെ ഈ ദുആകൾ സ്വീകരിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നമ്മെ കൊണ്ടുപോകാൻ ഉദ്ദേശിക്കുന്ന മാർഗത്തിലൂടെ ചരിക്കാൻ നമുക്ക് അല്ലാഹു തൗഫീഖ് നൽകട്ടെ.*


KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2011 May 20 at : Baitul Futuh, London
Translation: M. Nasir Ahmed Kodiyathur 09497343704

Typing : M.P. Abdul Latheef Calicut
Page Layout : T. Jamshad Mukkam
Published by : **Majlis Khuddamul Ahmadiyya, North Kerala**